പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3261 03.04.2013 - ൽ മറുപടിയ്ക്ക്

**സോഷ്യൽ സെക്യൂരിറ്റിമിഷൻ**

ചോദ്യം ഉത്തരം

ശ്രീ.ഇ.പി. ജയരാജൻ

**ഡോ. എം.കെ. മുനീർ**
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ നിർധന രോഗികൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | 1. താലോലം പദ്ധതി :<br>18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കായി ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ/ജന്മനായുള്ള ഹൃദയ വൈകല്യങ്ങൾ സെറിബ്രൽ പാൽസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥി വൈകല്യങ്ങൾ, ഞരമ്പു സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി.<br>2. ക്യാൻസർ സുരക്ഷാ പദ്ധതി :<br>18 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ ക്യാൻസർ രോഗം ചികിത്സിക്കുന്നതിനു വേണ്ടിയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി. |
| (ബി) | 2012-13 വർഷത്തിൽ പദ്ധതി പ്രകാരം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | 2012-13 വർഷത്തിൽ താലോലം പദ്ധതിക്ക് 5,10,55,059/- രൂപ ചെലവഴിച്ചു. ക്യാൻസർ സുരക്ഷാ പദ്ധതിക്ക് 3,85,13,186/- രൂപ ചെലവഴിച്ചു. |
| (സി) | സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനങ്ങൾ മേഖലാടിസ്ഥാനത്തിലോ ജില്ലാടിസ്ഥാനത്തിലോ വികേന്ദ്രീകരിച്ചിട്ടുണ്ടോയെന്നും അതു സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ ? | (സി) | കേരളാ സാമൂഹ്യ സുരക്ഷാ മിഷനിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ മേഖലകൾക്കായി മൂന്ന് മേഖലാ ഡയറക്ടർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. കോഴിക്കോട് മേഖലാ ഡയറക്ടറുടെ ഓഫീസ് 01.04.2012 മുതൽ സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചു വരുന്നു. എറണാകുളം, തിരുവനന്തപുരം മേഖലകളിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കാത്തതിനാൽ ടി മേഖലയുടെ ചുമതലയുള്ള റീജിയണൽ ഡയറക്ടർമാർ ഇപ്പോൾ തിരുവനന്തപുരത്തുള്ള കേരളാ സാമൂഹ്യ സുരക്ഷാ മിഷന്റെ ആസ്ഥാന ഓഫീസിലാണ് പ്രവർത്തിക്കുന്നത്. |

R. Vijayan

സെക്ഷൻ ഓഫീസർ